നെയ്യാർ മാൻ വളർത്തൽ കേന്ദ്രം

1340. [2013] ശ്രീ. കെ.വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാർ വന്യമൃഗ സംരക്ഷണ കേന്ദ്രത്തിൽ മാൻ സഫാരി പാർക്ക് ഏതുവർഷമാണ് ആരംഭിച്ചത് ;

(ബി) പ്രസ്തുത കേന്ദ്രത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്നു വെളിപ്പെടുത്താമോ ;

(സി) അവിടുത്തെ മാനുകളുടെ ഇപ്പോഴത്തെ കണക്ക് വെളിപ്പെടുത്താമോ ;

(ഡി) മാൻവളർത്തൽ കേന്ദ്രം നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) നെയ്യാർ വന്യമൃഗ സംരക്ഷണ കേന്ദ്രത്തിൽ മാൻ സഫാരി പാർക്ക് ആരംഭിച്ചിട്ടില്ല. ഒരു മാൻ വളർത്തൽ കേന്ദ്രം ആരംഭിക്കുന്നതിനുള്ള ജോലികൾ 1981-82-ൽ തുടങ്ങി, 1983-ൽ പ്രസ്തുത കേന്ദ്രം തുടങ്ങി.

(ബി) 1985 നവംബർ മാസത്തിൽ മാൻ വളർത്തൽ കേന്ദ്രത്തിലെ മാനുകളെ കാട്ടിലേക്കു തുറന്നുവിട്ടതോടുകൂടി, പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണ്.

(സി) 'ബി' ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) നിർത്തലാക്കിക്കഴിഞ്ഞു. പ്രകൃതിദത്തമായ ചുറ്റുപാടിൽ മാനുകൾക്കു വളരുന്നതിനു സൗകര്യം ലഭിക്കുന്നതിലേക്കാണ് അവയെ വനത്തിലേക്കു തുറന്നു വിട്ടത്.

നെയ്യാർ മാൻവളർത്തൽ കേന്ദ്രത്തിനരികെ കെട്ടിയ കോൺക്രീറ്റ് കെട്ടിടം

1341. [2014] ശ്രീ. കെ.വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാർ മാൻ വളർത്തൽ കേന്ദ്രത്തിനരികെ മീൻമുട്ടി വെള്ളച്ചാട്ടത്തിലേക്ക് പോകുന്ന വഴിയിൽ വനംവകുപ്പ് കെട്ടിയ കോൺക്രീറ്റ് കെട്ടിടത്തിനു എത്ര രൂപ ചെലവഴിച്ചു ;

(ബി) കാട്ടിനുള്ളിലെ ഈ കെട്ടിടത്തിന്റെ ആവശ്യകത എന്താണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 5,55,202.13

(ബി) അഗസ്ത്യാർ കൂടത്തിലേക്കുള്ള തീർത്ഥാടകർക്കും, സാഹസികർക്കും, വിനോദസഞ്ചാരികൾക്കും, വേണ്ടിവന്നാൽ ഒരു രാത്രി താമസിക്കുന്നതിനും, കാട്ടിനുള്ളിൽ സംരക്ഷണ പ്രവർത്തനങ്ങൾക്കും പരിശോധനയ്ക്കും പോകുന്ന ജീവനക്കാർക്ക് താൽക്കാലികമായി തങ്ങുന്നതിനും വേണ്ടിയാണ് ഈ കെട്ടിടം പണിതിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly